(2) സംസ്ഥാന സാമൂഹിക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള അനാഥാലയങ്ങളും ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റബിൾ ഹോമുകൾ. (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(3) ഇൻഡ്യാ പോപ്പുലേഷൻ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന ആശുപത്രികളും ഡിസ്പെൻസറികളും.

(4) ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തുന്ന സാക്ഷരതാ കേന്ദ്രങ്ങൾ. (വെതർ പ്രൂഫ് കണക്ഷൻ മാത്രം.)

(5) പൊതു സംഭാവന കൊണ്ട് പണിക്ക് സർക്കാരിന് സമർപ്പിക്കുന്ന കെട്ടിടങ്ങൾ (വെതർ പ്രൂഫ് കണക്ഷൻ മാത്രം)

(6) വികലാംഗർ നടത്തുന്ന ടെലഫോൺ ബൂത്തുകൾ (വെതർ പ്രൂഫ് കണക്ഷൻ മാത്രം)

(7) അംഗൻവാടികൾ. (വെതർ പ്രൂഫ് കണക്ഷൻ മാത്രം)

(8) വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള വാട്ടർ സപ്ലൈ കണക്ഷനുകൾ.

(9) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കുള്ള വെതർ പ്രൂഫ് കണക്ഷനുകൾ.

(ബി) വികലാംഗർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരെ മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ജവാൻമാർക്കുള്ള ആനുകൂല്യം ആശ്രിതരുടെ പേരിൽ നൽകി വന്നത് ദുരുപയോഗം ചെയ്യപ്പെടുന്നതായി കണ്ടതുകൊണ്ട്, ആശ്രിതരുടെ പേരിൽ നൽകുന്നത് നിർത്തലാക്കുകയുണ്ടായി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

മത്സ്യത്തൊഴിലാളികളുടെ ഋണബാദ്ധ്യത

15 (*342) ശ്രീ. ഡി. സുഗതൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ഋണബാദ്ധ്യതയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ കടമെത്രയാണ് ;

(സി) പ്രസ്തുത ഋണബാദ്ധ്യത പരിഹരിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ടെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) മത്സ്യത്തൊഴിലാളികളുടെ ഋണബാദ്ധ്യതയെപ്പറ്റി പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ 1990-ൽ നടത്തിയ ടെക്നോ സോഷ്യോ എക്ണോമിക് സർവ്വേയിൽ ഈ വിവരം ശേഖരിച്ചിട്ടുണ്ട്.

(ബി) മേൽസർവ്വേയനുസരിച്ച് കടം എടുത്തിട്ടുള്ളവരെ മാത്രം കണക്കാക്കിയാൽ പ്രതിശീർഷ കടം 624 രൂപയും ആകെ മത്സ്യത്തൊഴിലാളികളെ കണക്കാക്കിയാൽ 210 രൂപയും ആകുന്നു.

(സി)

1. ഹഡ്കോയിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ഭവന നിർമ്മാണ വായ്പയിൽ ശേഷിച്ച തുകയായ 13.70 ലക്ഷം രൂപ എഴുതിത്തള്ളുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. മത്സ്യത്തൊഴിലാളികൾ നാളിതുവരെ എടുത്തിട്ടുള്ള ഭവന നിർമ്മാണ വായ്പയിന്മേൽ ഉണ്ടായിട്ടുള്ള കുടിശ്ശിക അടച്ചുതീർക്കുന്നവർക്ക് പിഴ പലിശ പൂർണ്ണമായും ഒഴിവാക്കികൊടുക്കും.

3. മത്സ്യഫെഡ് വഴി എൻ.സി.ഡി.സി. 1,11,111, ഐ.എഫ്.ഡി.പി.98, ഐ.എഫ്.ഡി.പി. ഇൻലാന്റ് എന്നീ പദ്ധതികൾവഴി മത്സ്യബന്ധനോപകരണങ്ങൾക്കുള്ള വായ്പയോ എൻ.സി.ബി.എഫ്.ഡി.ബി., എൽ.എം.ഡി.എഫ്.സി. വഴി 1998 വരെ സ്വയംതൊഴിലിനുള്ള വായ്പയോ ലഭിച്ചിട്ടുള്ളവർക്ക് പിഴപലിശ ഒഴിവാക്കികൊണ്ട് കുടിശ്ശിക തീർക്കുന്നതിന് വൺടൈം സെറ്റിൽമെന്റ് (ഒ.റ്റി.എസ്.) പദ്ധതി നടപ്പിലാക്കും.

ഇക്കോ കേരള പദ്ധതിപ്രകാരം ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഗ്രേഡിംഗ്

16 (*343) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ബാലറാം :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കോ കേരള പദ്ധതിപ്രകാരം ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച് ഹോട്ടലുകളും റിസോർട്ടുകളും പരിശോധിക്കുന്നതാരാണ് ?

LIBRARY ARCHIVES Kerala Legislative Assembly